LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ ആശുപത്രികളിലെ ലാബുകൾ

84 (3516) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ആശുപത്രികളിലെ ലാബുകളിൽ വിവിധ പരിശോധനകൾക്കായി ഈടാക്കുന്ന ഫീസ് എത്ര വീതമാണെന്ന് വിശദമാക്കാമോ ;

(ബി) കായംകുളം താലൂക്കാശുപത്രിയിലെ ലാബിൽ എത്ര തസ്തികകളാണ് ഉള്ളത് ; അവ ഏതെല്ലാമെന്ന് വിശദമാക്കാമോ ; ആവശ്യമായ ജീവനക്കാരുടെ സേവനം ലാബിൽ ലഭ്യമാണോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ജി.ഒ.(പി.) 27/94/എച്ച് & എഫ്. ഡബ്ല്യു.ഡി. തീയതി 8-2-1994 എന്ന ഉത്തരവിലൂടെയാണ് സർക്കാർ വിവിധ പരിശോധനകൾക്ക് നിശ്ചയിച്ചിരിക്കുന്ന നിരക്ക് ആശുപത്രി വികസന സമിതി നിശ്ചയിക്കുന്ന ലാബുകളിൽ ഈടാക്കിവരുന്നത്. പ്രസ്തുത ഉത്തരവ് പ്രകാരം ഓരോ പരിശോധനകൾക്കും നിശ്ചയിച്ചിരിക്കുന്ന നിരക്കിന്റെ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

(ബി) നിലവിൽ ലാബ് ടെക്നീഷ്യന്റെ ഒരു തസ്തികയാണ് കായംകുളം താലൂക്ക് ആശുപത്രിയിൽ ഉള്ളത്. കൂടാതെ ആർ.എസ്.ബി.വൈ. മുഖേന 4 ലാബ് ടെക്നീഷ്യനും മഴക്കാലരോഗത്തിന്റെ ഭാഗമായി നിയമിച്ച ഒരു ലാബ് ടെക്നീഷ്യനും ജോലി നോക്കിവരുന്നു. അതിനാൽ ലാബിന്റെ പ്രവർത്തനം സുഗമമായി നടക്കുന്നു.

ആവശ്യമായ ജീവനക്കാരുടെ സേവനം ലാബിൽ ലഭ്യമാണ്.

പേരൂർക്കട ആരോഗ്യകേന്ദ്രത്തിൽ ശ്രീമതി ബി. ആർ. ലതികയെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് സമർപ്പിച്ച അപേക്ഷ

85 (3517) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം പേരൂർക്കട മാനസികാരോഗ്യകേന്ദ്രത്തിൽ 1-1-1994 മുതൽ കഴിഞ്ഞ ഇരുപത് വർഷമായി ടെയിലറിങ്ങ് ഇൻസ്ട്രക്ടർ ആയി ജോലി നോക്കി വരുന്ന ശ്രീമതി ബി. ആർ. ലതികയെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച ടിയാൾ സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ഈ സ്ഥാപനത്തിൽ 2014-ൽ എത്ര ജീവനക്കാരെ സർക്കാർ ഉത്തരവ് പ്രകാരം സ്ഥിരപ്പെടുത്തിയിട്ടുണ്ട് ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) ഈ ഉത്തരവിന്റെ ആനുകൂല്യം ശ്രീമതി. ബി. ആർ. ലതികയ്ക്ക് ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?